ചാലക്കുടി ഫയർസ്റ്റേഷന്റെ ആധുനികവൽക്കരണം

70 (1540) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഫയർസ്റ്റേഷന് ആധുനിക രീതിയിലുള്ള ഉപകരണങ്ങളും പുതിയ വണ്ടിയും നൽകുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം അറിയിക്കാമോ ;

(ബി) ചാലക്കുടി ഫയർസ്റ്റേഷന് പുതിയ കെട്ടിടം പണിയുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വരും വർഷങ്ങളിൽ കൂടുതൽ പുതിയ വാഹനങ്ങളും ആധുനിക ഉപകരണങ്ങളും വാങ്ങുന്നമുറയ്ക്ക് ലഭ്യതയുടെ അടിസ്ഥാനത്തിൽ ചാലക്കുടി നിലയത്തിലേക്കും അനുവദിച്ചുനൽകുന്നതാണ്.

(ബി) ചാലക്കുടി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പാനൂരിൽ ഫയർ & റെസ്ക്യൂസ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

71 (1541) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ ഇതുവരെ സംസ്ഥാനത്ത് പുതുതായി എത്ര ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട് ; അത് ഏതൊക്കെ ജില്ലകളിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജി. ഒ.(ആർടി.) നമ്പർ 1282/07/ഹോം തീയതി 11-5-2007 ഉത്തരവ് പ്രകാരം ഉള്ള മുൻഗണന ലിസ്റ്റിൽനിന്ന് ഏതൊക്കെ സ്ഥലങ്ങളിലുള്ള ഫയർ & റെസ്ക്യൂ സ്റ്റേഷനുകളാണ് അനുവദിച്ചതെന്നും പ്രസ്തുത ഉത്തരവിലെ മുൻഗണനാക്രമം എന്തെന്നും വെളിപ്പെടുത്തുമോ ;

(സി) കണ്ണൂർ ജില്ലയിൽ പാനൂരിൽ ഫയർ & റെസ്ക്യൂസ്റ്റേഷൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) നടപടി പൂർത്തിയാക്കി എപ്പോൾ ഫയർ & റെസ്ക്യൂസ്റ്റേഷൻ അനുവദിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 17 ഫയർ ആന്റ് റെസ്ക്യൂസ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ഫയർ ആന്റ് റെസ്ക്യൂസ്റ്റേഷൻ	ജില്ല
1	കാട്ടാക്കട	തിരുവനന്തപുരം
2	കല്ലൂർക്കാട്	എറണാകുളം
3	പരവൂർ	കൊല്ലം
4	പേരാവൂർ	കണ്ണൂർ
5	പെരിങ്ങോം	കണ്ണൂർ
6	മണ്ണാർക്കാട്	പാലക്കാട്
7	പൂവ്വാർ	തിരുവനന്തപുരം
8	വടക്കാഞ്ചേരി	തൃശ്ശൂർ
9	നാദാപുരം	കോഴിക്കോട്
10	ഉപ്പള	കാസർഗോഡ്
11	ശാസ്താംകോട്ട	കൊല്ലം
12	കൊട്ടാരക്കര	കൊല്ലം
13	ഇരിട്ടി	കണ്ണൂർ
14	നരിക്കുനി (കൊടുവള്ളി)	കോഴിക്കോട്
15	മാള	തൃശ്ശൂർ
16	പുതുക്കാട്	തൃശ്ശൂർ
17	കുറ്റിക്കോൽ	കാസർഗോഡ്

(ബി) മുൻഗണനാ ലിസ്റ്റിൽനിന്ന് അനുവദിച്ച ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ താഴെ പറയുന്നു :

ക്രമ നമ്പർ	ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ	മുൻഗണനാ ക്രമം
(1)	(2)	(3)
1	കുറ്റിക്കോൽ	1
2	വടക്കാഞ്ചേരി	2

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
3	കൊട്ടാരക്കര	6
4	പരവൂർ	9
5	മണ്ണാർക്കാട്	18
6	നാദാപുരം	21
7	പെരിങ്ങോം	24
8	ഇരിട്ടി	25
9	ഉപ്പള	26
10	നരിക്കുനി (കൊടുവള്ളി)	27
11	പുവ്വാർ	30
12	പേരാവൂർ	31
13	പുതുക്കാട്	33
14	മാള	42

(സി & ഡി) അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്.

സംസ്ഥാനത്ത് അതിസുരക്ഷാജയിൽ

72 (1542) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അതിസുരക്ഷാജയിൽ സ്ഥാപിക്കണമെന്ന ആവശ്യം സാദ്ധ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് എവിടെയൊക്കെ അതിസുരക്ഷാ ജയിലുകൾ സ്ഥാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഈ സാമ്പത്തിക വർഷം ഇത്തരം സുരക്ഷാ ജയിലിന്റെ നിർമ്മാണത്തിനായി എന്തുതുക വിനിയോഗിക്കാനാകും എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുതുതായി സ്ഥാപിക്കുന്ന അതിസുരക്ഷാജയിലിൽ എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തുക എന്ന് വിശദമാക്കുമോ ;

(ഇ) ഇത്തരം സുരക്ഷാജയിലിന്റെ നിർമ്മാണ പ്രവർത്തനത്തിൽ ഏതൊക്കെ കേന്ദ്ര ഏജൻസികളുടെ സഹായസഹകരണങ്ങളാണ് ലഭ്യമാക്കുക എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly